## പതിനാലാം കേരളനിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1697** | **01.11.2019 ൽ മറുപടിയ്ക്ക്**

## പാലിയേറ്റീവ് കെയർ നഴ്സുമാരുടെ വേതനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മഞ്ഞളാംകുഴി അലി** | | **എ.സി.മൊയ്തീൻ (തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി)** | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിൽ കരാർ അടിസ്ഥാനത്തിൽ പാലിയേറ്റീവ് കെയർ നഴ്സുമാരായി സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് നിലവിൽ പരമാവധി എത്ര രൂപയാണ് ശമ്പളവും അലവൻസുകളുമായി ലഭിക്കുന്നത്; വിവരം ലഭ്യമാക്കുമോ; | (എ) | പാലിയേറ്റീവ് കെയർ നഴ്സുമാർക്ക് നിലവിൽ 15,000/- രൂപ നിരക്കിൽ ഹോണറേറിയം നൽകി വരുന്നുണ്ട്. കൂടാതെ സർക്കാർ വർഷം തോറും നിശ്ചയിക്കുന്ന ഉൽസവബത്ത പ്രോജക്ടിൽ ഉൾപ്പെടുത്തി നൽകിവരുന്നുണ്ട്. |
| (ബി) | ഇത്തരം ജീവനക്കാർക്ക് അർഹമായ തുക ശമ്പളമായി ലഭിക്കുന്നില്ലായെന്ന തരത്തിലുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ജീവനക്കാരുടെ ശമ്പളവും അലവൻസുകളും ഏറ്റവും ഒടുവിലായി നിർണ്ണയിച്ച് നൽകിയതെന്നാണ്; വിശദാംശം ലഭ്യമാക്കുമോ; | (ബി) യും (സി) യും | ഉണ്ട്. 29/11/2017 ലെ സ.ഉ(സാധാ) നം. 3845/2017/തസ്വഭവ, 12/12/2017 ലെ സ.ഉ(സാധാ) നം. 4009/2017/തസ്വഭവ, 07/03/2019 ലെ സ.ഉ(സാധാ) നം. 553/2019/തസ്വഭവ എന്നീ ഉത്തരവുകൾ പ്രകാരം പാലിയേറ്റീവ് കെയർ നഴ്സുമാരുടെ ഹോണറേറിയം 01.06.2017 മുതൽ 15,000/- രൂപയായി വർദ്ധിപ്പിക്കുകയും മറ്റ് ആനുകൂല്യങ്ങൾ നിർണ്ണയിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | പ്രത്യേക പരിഗണന ലഭിക്കേണ്ട രോഗികളെ ശുശ്രൂഷിക്കുന്ന ജീവനക്കാർ എന്നത് പരിഗണിച്ച് ഇവരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിയ്ക്കുമോ? | | |

Danya M

**സെക്ഷൻ ഓഫീസർ**